# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 968** **13/06/2013-ൽ മറുപടിക്ക്**

## <u>പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം, തൽസ്ഥല പിന്തുണ സംവിധാനം, എസ്.എസ്.എൽ.സി. പരീക്ഷയിൽ പിന്നോക്കം നില്ക്കുന്ന സ്കൂളുകളെ "ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക സഹായവും പഠനസഹായികളും നല്കുക, തുടർമൂല്യനിർണ്ണയം ശക്തിപ്പെടുത്തുവാനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ബി) പഠനനിലവാരം ഉയർത്തുന്നതിനായി ഡയറ്റ്, എസ്.എസ്.എ., ജില്ലാ പ്രോജക്ട് ഓഫീസർ, ഐ.റ്റി. @ സ്കൂൾ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ഓരോ ജില്ലയിലും വിളിച്ച് ചേർത്ത് വ്യക്തമായ ആസൂത്രണം |

നടത്തിവരുന്നു. പിന്നോക്കം നില്ക്കുന്ന സ്കൂളുകൾ കണ്ടെത്തി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നു. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ പരമാവധി സ്കൂളുകൾ സന്ദർശിച്ച് അതാതിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നു.

Sreedevi

സെക്ഷൻ ഓഫീസർ